പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3749 15.12.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബിവറേജസ് കോർപ്പറേഷൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) യും (ബി) യും | ബിവറേജസ് കോർപ്പറേഷൻ, 2012-13 കാലയളവിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 3.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 09.06.2014 ലെ ജി.ഒ (എം.എസ്) നം. 86/2014/നി.വ ഉത്തരവ് പ്രകാരം, 3.50 കോടി രൂപയിൽ നിന്നും 1,00,35,840/- രൂപ തിര ഞ്ഞെടുക്കപ്പെട്ട 11 ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുകയായ 2,49,64,160/- ൽ നിന്നും 1 കോടി രൂപ അർഹരായ |
| (ബി) | എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനാണ് ഉദ്ദേശിക്കുന്നത്? | | |

| | | | |
|---|---|---|---|
| | | | അന്ധർക്ക് 500 ബ്രയിലി കമ്പ്യൂട്ടറുകളും 1500 വാക്കിങ്ങ് സ്റ്റിക്കുകളും വാങ്ങുന്നതിലേക്കായി നീക്കി വയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി സർക്കാർ/ സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ? | (സി) | തീരുമാനിച്ചിട്ടില്ല. |
| (ഡി) | ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദാംശ ങ്ങളെന്തെല്ലാം? | (ഡി) | ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എക്സൈസ് കമ്മീഷണർ ചെയർമാനായും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ മെമ്പർമാരായുള്ള സംസ്ഥാന തല സമിതിയും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ഡെപ്യൂട്ടി എക്സൈസ് |

| | | |
|---|---|---|
| | | കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യ നീതി വെൽഫെയർ ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ മെമ്പർമാരുമായി ജില്ലാ തല സമിതികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ